3. • "പത്രാധിപർ തുടങ്ങി വാർത്താലേഖകൻ വരെയുള്ള പല ഇനം പത്രക്കാരൊക്കെയും ഒരേ പ്രകാരത്തിൽ അനുഷ്ഠിക്കേണ്ട ചില സദാചാരതത്ത്വങ്ങളുണ്ട്. ഇവയിൽ ഒന്ന് അന്യരോട് ന്യായബുദ്ധിയായിരിക്കണമെന്നുള്ളതാകുന്നു. ഒരു ലേഖനത്തിൽ ആരെപ്പറ്റി പറയുന്നുവോ, ആ ആളെ നിഷ്കാരണമായി വേദനപ്പെടുത്താൻ യത്നിക്കരുത്."

- "പത്രക്കാരന്റെ കർത്തവ്യങ്ങളിലൊന്ന് വർത്തമാനങ്ങൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുകയാണ്. രാജ്യകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചിലർക്കു ചില വാർത്തകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തരുതെന്ന് ഉത്കണ്ഠയുണ്ടായിരിക്കും. അതു സാധിപ്പാൻ വേണ്ടി അവർ പത്രക്കാരനെ പാട്ടിൽ വയ്ക്കും. ഏറിവന്നാൽ കൈക്കൂലിയും കൊടുക്കും."
- "പത്രക്കാരന്റെ പുരുഷാർത്ഥങ്ങൾ സത്യം, ന്യായം, നീതി എന്ന ധർമ്മത്രയം ആയിരിക്കും."

*-സ്വദേശാഭിമാനി രാമകൃഷ്ണപിള്ള*

തന്നിരിക്കുന്ന ഭാഗങ്ങളും 'പത്രനീതി'യിലെ ആശയങ്ങളും സമകാലിക മാധ്യമസമീപനങ്ങളും വിശകലനം ചെയ്ത് 'പത്രധർമ്മം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

**ഉത്തരമാതൃക**

### പത്രധർമ്മം

ലോകത്തെ നാമിന്നുകാണുന്ന രീതിയിൽ പരിവർത്തനം ചെയ്തതിൽ മുഖ്യപങ്കുവഹിച്ചത് പത്രമാധ്യമങ്ങളാണ്. പാർലമെന്റ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയെ ജനാധിപത്യത്തിന്റെ മൂന്നു തൂണുകളായി വിശേഷിപ്പിക്കുന്നു. നാലാമത്തെ തൂണായി പത്രമാധ്യമങ്ങളെയും. വാർത്തകൾ സത്യസന്ധവും നീതിനിഷ്ഠവുമായി ജനങ്ങളിലെത്തിക്കുന്നതിൽ പത്രങ്ങൾക്കുള്ള ഉത്തരവാദിത്വം ഈ വിശേഷണത്തിൽ സ്പഷ്ടമാണ്.

പത്രങ്ങളിൽ അച്ചടിച്ചുവരുന്ന വാർത്തകൾ സത്യസന്ധവും പക്ഷപാതരഹിതവുമായിരിക്കണം. തിന്മകളോട് ശക്തമായി പ്രതികരിക്കാനും ശബ്ദമില്ലാത്തവന്റെ ശബ്ദമാകാനും കഴിയുമ്പോഴാണ് പത്രധർമ്മം പൂർണമായി നിറവേറ്റപ്പെടുക. ഒരാളെയും വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ അകാരണമായി വേദനിപ്പിക്കരുത് എന്നത് പത്രധർമ്മത്തിൽ പ്രധാനമാണ്. ജനങ്ങൾ പത്രപ്രവർത്തകരെ തങ്ങളുടെ പ്രതിനിധിയായിക്കണ്ട് വിശ്വസിക്കുന്നു. ഈ വിശ്വാസത്തെ മുതലെടുത്ത് ജനഹിതത്തിനെതിരായി പത്രങ്ങൾ പ്രവർത്തിക്കുമ്പോൾ പത്രധർമ്മത്തിനെതിരായി അത് മാറുന്നു.

ആദർശങ്ങളിൽ ഉറച്ചുനിന്ന് നിഷ്പക്ഷമായി പ്രതികരിക്കുകയും തിരുത്തൽശക്തിയായി മാറുകയുമാണ് പത്രങ്ങൾ ചെയ്യേണ്ടത്. തെറ്റിദ്ധാരണ ജനിപ്പിക്കുന്നതും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലും വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് ആശാസ്യമല്ല. സർക്കുലേഷൻ വർധിപ്പിക്കുന്നതിന്റെ ഭാഗമായി കച്ചവടമനോഭാവത്തോടെ നിലപാടുകൾ സ്വീകരിക്കുന്നത് പത്രങ്ങളിലുള്ള വിശ്വാസ്യത നഷ്ടപ്പെടുന്നതിനു കാരണമാകും. സത്യമറിയാൻ പല പത്രങ്ങൾ നോക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ഇത് പത്രധർമ്മത്തിനു വിരുദ്ധമാണ്.

ചുരുക്കത്തിൽ നിർഭയവും സത്യസന്ധവുമായിരിക്കണം പത്രപ്രവർത്തനം. ധാർമ്മികതയുടെ അടിത്തറയിൽ പടുത്തുയർത്തുന്ന പത്രങ്ങൾ എന്നും പ്രകാശഗോപുരങ്ങളായി ഉയർന്നു നിൽക്കും. സത്യത്തിലും ന്യായത്തിലും നീതിയിലും അടിയുറച്ചു നിന്നുകൊണ്ട് ജനങ്ങൾക്ക് അറിവു പകർന്നു കൊടുക്കുകയും സാമൂഹിക സാംസ്കാരിക പുരോഗതിക്കുള്ള ഉപകരണമായി പത്രങ്ങൾ മാറുകയും വേണം.

യഥാർഥ നീതിയെയും ധാർമികമൂല്യത്തെയും സർവോപരി സത്യത്തെയും മുറുകെപ്പിടിക്കേണ്ട, സമൂഹത്തിൽ ഗുണപരമായ മാറ്റം വരുത്തേണ്ട ശക്തിയായി നമ്മുടെ പത്രങ്ങൾ മാറിയേ മതിയാകൂ. ഭൂതകാലത്തിന്റെ ഇരുട്ടിലേക്ക് സമൂഹത്തെ നയിക്കുന്ന പ്രവണതകൾക്കെതിരെ നമ്മുടെ മാധ്യമങ്ങൾ ശക്തമായി പ്രതികരിക്കേണ്ടതുണ്ട്.

അരാജകമായ അവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തി സമൂഹത്തെ രക്ഷിക്കേണ്ട കടമ പത്രങ്ങളിൽ നിക്ഷിപ്തമാണ്. യഥാർഥ പത്രധർമ്മവും അതുതന്നെ.

6. "പ്രളയകാലത്ത് ദുരന്തബാധിതരെ സഹായിക്കുന്നതിലും രക്ഷിക്കുന്നതിലും കേരളത്തിലെ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്" - മുഖ്യമന്ത്രി

വാട്സാപ്പിലും ഫേസ്ബുക്കിലും മുഴുകിയ പുതുതലമുറയെക്കുറിച്ച് വിമർശിക്കാത്തവരില്ല. എന്നാൽ പ്രളയകാലത്ത് എല്ലാം മറന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കിറങ്ങിയ ചെറുപ്പക്കാർ എല്ലാ വിമർശനങ്ങളെയും അതിജീവിച്ചിരിക്കുന്നു. നവമാധ്യമങ്ങളിലൂടെ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിച്ച് നിരവധി ജീവിതങ്ങളാണ് നമ്മുടെ യുവാക്കൾ രക്ഷിച്ചത്. ലക്ഷക്കണക്കിനു പേർക്ക് ഭക്ഷണവും ചികിത്സയും വസ്ത്രവും മറ്റു സൗകര്യങ്ങളും അവർ ലഭ്യമാക്കി.

ഇതുപോലുള്ള ദുരന്തങ്ങൾ നേരിടുന്ന അവസരങ്ങളിൽ നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമലോകത്തിന്റെ ഇടപെടലുകൾ എങ്ങനെയായിരിക്കണം? നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? ചർച്ചചെയ്യൂ.

*ചർച്ചാസൂചനകൾ*

2018, 2019 വർഷങ്ങളിൽ നമ്മുടെ നാട് സമാനതകളില്ലാത്ത പ്രളയദുരിതങ്ങളിലൂടെയാണ് കടന്നുപോയത്. ഈ സന്ദർഭത്തിൽ സാമൂഹിക മാധ്യമങ്ങൾ നടത്തിയ സേവനങ്ങൾ ദുരിതാശ്വാസപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പ്രളയബാധിതരെ സുരക്ഷിതമായ സ്ഥാനങ്ങളിൽ എത്തിക്കുന്നതിനും തികച്ചും പര്യാപ്തമായിരുന്നു. ഫെയ്സ് ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയ നവമാധ്യമങ്ങൾ ഈ ദിവസങ്ങളിൽ ഇൻഫർമേഷൻ സെന്ററുകളായി മാറുന്ന കാഴ്ചയാണ് നാം കണ്ടത്. ദുരിതബാധിതരുടെ കണ്ണും കാതും വാക്കുമായി നവമാധ്യമങ്ങൾ മാറി. നവമാധ്യമങ്ങളുടെ ഇടപെടലുകൾ വഴി നിരവധി ജീവിതങ്ങൾ നമ്മുടെ ചെറുപ്പക്കാർ രക്ഷിച്ചു. ഭക്ഷണവും വസ്ത്രവും കുടിവെള്ളവും ഉൾപ്പെടെ അവശ്യസാധനങ്ങൾ എത്തിക്കുന്നതിൽ അവർ നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി.

എണ്ണിയാൽ തീരാത്തത്ര സൗകര്യങ്ങളാണ് നവമാധ്യമങ്ങൾക്കുള്ളത്. ദുരന്തങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ മാധ്യമലോകം എങ്ങനെയാണ് ഇടപെടേണ്ടത് എന്നതിന് മികച്ച ഉദാഹരണമായി നമ്മുടെ ചെറുപ്പക്കാരുടെ പ്രവർത്തനങ്ങൾ. എന്തും പോസ്റ്റ് ചെയ്യാവുന്ന ഒരു ഇടം അല്ല നവമാധ്യമങ്ങൾ എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. നുണപ്രചാരണത്തിനും മറ്റുള്ളവരെ അപമാനിക്കുന്നതിനും ആവരുത് നവമാധ്യമങ്ങൾ. പ്രളയകാലത്തെപ്പോലെ എക്കാലവും മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുക എന്നതാകണം നമ്മുടെ ലക്ഷ്യം. സമൂഹത്തിൽ പല തരത്തിൽ ദുരിതമനുഭവിക്കുന്നവരുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിന്റെ പേരിൽ പഠനം തുടരാൻ കഴിയാത്തവർ, ചികിത്സ നടത്താൻ കഴിയാത്തവർ, താമസിക്കാൻ സുരക്ഷിതമായ ഇടമില്ലാത്തവർ, ഒരു നേരത്തെ ഭക്ഷണത്തിനു ഗതിയില്ലാത്തവർ അങ്ങനെ ധാരാളം ആളുകൾ. നമ്മുടെ ചുറ്റുപാടുമുള്ള ഇത്തരം ആളുകളെക്കുറിച്ചുള്ള വിവരങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പൊതുജനശ്രദ്ധയിൽ കൊണ്ടുവരാനും അതിലൂടെ പല പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കാണാനും നമുക്ക് കഴിയും.